**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 79** **09-06-2021 - ൽ മറുപടിയ്ക്ക്**

**ഗ്രാമീണ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. രാജ,<br>ശ്രീ. റ്റി.പി .രാമകൃഷ്ണൻ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. കെ. ബാബു (നെന്മാറ)** | | **Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഗ്രാമീണമേഖലയിലെ കൂടുതൽ കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ ഭവനങ്ങൾക്കും 2024- ഓട്ടുകൂടി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതു ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന ജല ജീവൻ മിഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്. |
| (ബി) | ഗ്രാമീണമേഖലയിൽ നിലവിൽ എത്ര ശതമാനം കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ ലഭിച്ചിട്ടുണ്ട് എന്നതിന്റെ കണക്ക് ലഭ്യമാണോ; | (ബി) | 31.05.2021-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ 33.88 % ഗ്രാമീണ വീടുകൾക്കാണ് ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമായിട്ടുള്ളത്. |
| (സി) | നഗരപ്രദേശങ്ങളിൽ എല്ലാ സമയത്തും തടസ്സം കൂടാതെ കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | നഗരപ്രദേശങ്ങളിൽ എല്ലാ സമയത്തും തടസ്സം കൂടാതെ കുടിവെള്ളം ലഭ്യമാക്കുന്നതിന് അമൃത്, കിഫ്ബി, കെ.എസ്.യു.ഡി.പി, റീ-ബിൽഡ് കേരള ഇനിഷ്യറ്റീവ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ ഡിപ്പോസിറ്റ് പ്രവർത്തികൾ, ഇവ കൂടാതെ വിവിധ സംസ്ഥാന പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. നഗരപ്രദേശങ്ങളിലെ കുടിവെള്ള വിതരണം തടസ്സരഹിതമായും കാര്യക്ഷമമായും ഉറപ്പാക്കുന്നതിനായി ജല വിതരണ പദ്ധതികളിൽ ആധുനിക ഓട്ടോമാറ്റിക് നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. ഇതിനുപുറമെ നിലവിലുള്ള ജലസ്രോതസുകൾക്കു പുറമെ അധിക ജലസ്രോതസുകൾ കണ്ടെത്തി എല്ലാ സമയത്തും ജലലഭ്യത ഉറപ്പാക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ നഗര പ്രദേശങ്ങളിലെ ജലവിതരണ സംവിധാനങ്ങളിലുണ്ടാകുന്ന പൈപ്പ് പൊട്ടലുകൾ, പമ്പിങ് സംവിധാനങ്ങളിലെ തകരാറുകൾ മുതലായവ യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നുണ്ട്. ജലവിതരണ സംവിധാനത്തിലെ പൈപ്പ് പൊട്ടലുകളുൾപ്പെടെയുള്ള പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കുന്നതിനായി ബ്ലൂബ്രിഗേഡ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള ക്രമീകരണങ്ങൾ വഴി നഗര പ്രദേശങ്ങളിലെ കുടിവെള്ള വിതരണം കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ